## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 119

18-03-2013 ൽ മറുപടിക്ക്

### വയർലെസ്സ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ് :<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. കെ.ശിവദാസൻ നായർ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിൽ വയർലെസ്സ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | എ) ഉണ്ട്. എക്സൈസ് വകുപ്പിൽ വയർലെസ്സ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്ക്, നടപ്പ് സാമ്പത്തിക വർഷം, 57 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിക്കൊണ്ട്, 30.5.2012 ലെ സ.ഉ.(സാധാ).നം 396/2012/നി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ ; | ബി) എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുവാനായി, സംസ്ഥാനത്തെ മുഴുവൻ എക്സൈസ് റേഞ്ച് - സർക്കിൾ ആഫീസുകൾ വയർലെസ്സ് സംവിധാനം വഴി ബന്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി, ആദ്യഘട്ടമെന്ന നിലയിൽ, തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ആറു ജില്ലകളിൽ, പരീക്ഷണാടിസ്ഥാനത്തിൽ വയർലെസ്സ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| സി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; | സി) ഉണ്ട്. 30-05-2012 ലെ സ.ഉ.(സാധാ).നം 396/2012/നി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പോലീസ് ഡിപ്പാർട്ട്മെന്റുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്. |
| ഡി) എക്സൈസ് ഇന്റലിജൻസ്, എൻഫോഴ്-മെന്റ് എന്നീ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വയർലെസ്സ് സംവിധാനം കൂടുതൽ പ്രയോജനകരമാകുമെന്ന് കരുതുന്നുണ്ടോ ? | ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ